2024
MAY
23
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




# സംസ്ഥാനത്താകെ കനത്തമഴ; കൊച്ചിയിൽ വെള്ളക്കെട്ട്



**തിരുവനന്തപുരം:** തെക്കൻ മധ്യ കേരളത്തിൽ കനത്ത മഴ നിർത്താതെ പെയ്യുന്നു. അഞ്ച് ജില്ലകളിൽ റെഡ് അലർട്ടും എട്ടു ജില്ലകളിൽ ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചിരിക്കുകയാണ്. അടുത്ത അഞ്ച് ദിവസം കൂടി ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ഉയർന്ന തിരമാലയ്ക്ക് സാധ്യതയുള്ളതിനാൽ തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്. കൊച്ചിയിൽ കനത്ത മഴയെത്തുടർന്ന് വെള്ളക്കെട്ടും ഗതാഗതകുരുക്കും ഉണ്ടായി. ആലപ്പുഴ തുറവൂരിൽ ദേശീയപാതയിലേക്ക് വെള്ളംകയറി ഗതാഗതം തടസ്സപ്പെട്ടു.

എറണാകുളം ജില്ലയിൽ മണിക്കൂറുകളോളം തുടർച്ചയായി പെയ്ത മഴയിൽ കൊച്ചി നഗരം വെള്ളക്കെട്ടിലായി. മഴയിൽ നഗരത്തിലെ താഴ്ന്ന പ്രദേശങ്ങളൊക്കെ വെള്ളത്തിലായി. വൈറ്റില, കുണ്ടന്നൂർ,ദേശീയപാത, ഇടപ്പള്ളി, എസ്ആർഎം റോഡ്, ജവഹർലാൽ നെഹ്റു സ്റ്റേഡിയം ലിങ്ക് റോഡ്, ഇൻഫോപാർക്ക്, കെഎസ്ആർടിസി ബസ് സ്റ്റാൻഡ്, എംജി റോഡ്, കടവന്ത്ര സൌത്ത്, ചിറ്റൂർ റോഡ് തുടങ്ങിയ സ്ഥലങ്ങളിലെല്ലാം വെള്ളക്കെട്ട് രൂപപ്പെട്ടു. മഴവെള്ളം ഒഴുകിപ്പോകാൻ സാഹചര്യമില്ലാത്തതിനെ തുടർന്നാണിത്. മിക്ക റോഡുകളിലും മുട്ടൊപ്പം വെള്ളമാണ്. കെഎസ്ആർടിസി ബസ് സ്റ്റാൻഡ് പരിസരത്തെ കടകളിലും വെള്ളം കയറി. കളമശേരി മൂലേപാടത്തെ ഒട്ടേറെ വീടുകളിലും വെള്ളം കയറിയിട്ടുണ്ട്. വെള്ളക്കെട്ട് രൂക്ഷമായതോടെ വാഹന ഗതാഗതം തടസ്സപ്പെട്ടതിനൊപ്പം കനത്ത ട്രാഫിക് കുരുക്കും നഗരത്തിലുണ്ട്.

കൊച്ചി നഗരത്തിൽ ഓപ്പറേഷൻ ബ്രേക് ത്രൂ എന്ന പേരിൽ വെള്ളക്കെട്ട് ഒഴിവാക്കാനുള്ള പദ്ധതികൾ കോർപറേഷനും സംസ്ഥാന സർക്കാരുമൊക്കെ ചേർന്നു നടത്തിയെങ്കിലും അതൊന്നും ഫലവത്തായിട്ടില്ല എന്നതാണ് ഇത്തവണത്തെ സാഹചര്യം സൂചിപ്പിക്കുന്നത്. മഴക്കാലപൂർവ ശുചീകരണം പേരിനു മാത്രം നടത്തിയതാണ് മഴക്കാലത്തിന്റെ തുടക്കത്തിൽ തന്നെ ഇത്തരമൊരു സാഹചര്യം രൂപപ്പെടാൻ കാരണമായത് എന്ന പരാതിയും ഉയരുന്നുണ്ട്.ഏതാനും മണിക്കൂറുകൾ മാത്രം മഴ പെയ്തപ്പോൾ നഗരം വെള്ളത്തിലായ സാഹചര്യത്തിൽ മൺസൂൺ ആരംഭിക്കുന്നതോടെ എന്താകും സ്ഥിതി എന്ന ആശങ്കയും ഉയരുന്നുണ്ട്. കാനകളിൽ നിന്നുള്ള അഴുക്കുജലമാണ് നഗരത്തിലൂടെ ഒഴുകുന്നത്. ഇത് വലിയ തോതിലുള്ള ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകാം എന്ന ആശങ്ക ഉയർന്നിട്ടുണ്ട്.



# രാജസ്ഥാന് ഫൈനൽ ഒരു ജയം അകലെ

**അഹമ്മദാബാദ്:** ഐപിഎൽ പ്ലേഓഫിലെ എലിമിനേറ്റർ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ പരാജയപ്പെടുത്തിയ രാജസ്ഥാൻ റോയൽസ് രണ്ടാം ക്വാളിഫയർ കളിക്കാൻ യോഗ്യത നേടി. ആദ്യ ക്വാളിഫയറിൽ പരാജയപ്പെട്ട സൺറൈസേഴ്സ് ഹൈദരാബാദിനെയാണ് രണ്ടാം ക്വാളിഫയറിൽ രാജസ്ഥാൻ നേരിടേണ്ടത്. ആദ്യ ക്വാളിഫയർ ജയിച്ച കോൽക്കത്ത നൈറ്റ് റൈഡേഴ്സ് നേരത്തെ ഫൈനലിൽ കടന്നിരുന്നു.

എലിമിനേറ്ററിൽ ടോസ് നേടിയ രാജസ്ഥാൻ റോയൽസ് ക്യാപ്റ്റൻ സഞ്ജു സാംസൺ ഫീൽഡിങ്ങാണ് തെരഞ്ഞെടുത്തത്. പ്ലാനുകൾ കൃത്യമായി നടപ്പാക്കിയ രാജസ്ഥാൻ ബൗളർമാർ ആർസിബിയെ 20 ഓവറിൽ 172/8 എന്ന നിലയിൽ ഒതുക്കി നിർത്തി. രാജസ്ഥാൻ 19 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു.ഉജ്വലമായി പന്തെറിഞ്ഞ ട്രെൻറ് ബൗൾട്ടാണ് ആർസിബിക്ക് പതിവുള്ള വെടിക്കെട്ട് തുടക്കം നിഷേധിച്ചത്. 14 പന്തിൽ 17 റൺസ് മാത്രം നേടിയ ആർസിബി ക്യാപ്റ്റൻ ഫാഫ് ഡു പ്ലെസിയുടെ വിക്കറ്റും ബൗൾട്ട് സ്വന്തമാക്കി. ആദ്യ സ്പെല്ലിലെ മൂന്നോവറിൽ ആറു റൺസ് മാത്രമാണ് കിവി പേസർ വഴങ്ങിയത്. 24 പന്തിൽ 33 റൺസെടുത്ത വിരാട് കോലിക്കും കത്തിക്കയറാൻ അവസരം ലഭിച്ചില്ല.

# മോദിക്ക് മൂന്നാമൂഴം പ്രവചിച്ച് അമേരിക്കൻ നിരീക്ഷകൻ

**മുംബൈ:** ലോക്സഭാ തെരഞ്ഞെടുപ്പിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണം നിലനിർത്തുമെന്ന് അമേരിക്കൻ രാഷ്ട്രീയ നിരീക്ഷകനും കൺസൾട്ടൻറുമായ ഇയാൻ ബ്രിമ്മർ. ബിജെപിക്ക് 305 സീറ്റുകളാണ് ബ്രിമ്മർ പ്രവചിക്കുന്നത്. പത്തു സീറ്റുകൾ മുന്നോട്ടോ പിന്നോട്ടോ വരാമെന്നും മോദിക്ക് മാത്രമേ ഇന്ത്യയെ മുന്നോട്ട് നയിക്കാൻ കഴിയൂ എന്നും റിസർച്ച് കൺസൾട്ടിങ് സ്ഥാപനം യുറേഷ്യ ഗ്രൂപ്പിൻറെ സ്ഥാപകനായ ബ്രിമ്മർ പറഞ്ഞു. .

ആഗോള രാഷ്ട്രീയ വീക്ഷണകോണിൽ നോക്കുമ്പോൾ ഇന്ത്യൻ തെരഞ്ഞെടുപ്പ് സുസ്ഥിരമാണ്. എന്നാൽ, യുഎസിലേതുൾപ്പെടെ മറ്റു തെരഞ്ഞെടുപ്പുകളെല്ലാം പ്രശ്ന സങ്കീർണമാണ്. ഞങ്ങൾക്ക് സൂക്ഷ്മതലത്തിലുള്ള അനിശ്ചിതത്വങ്ങളുണ്ട്.

അടുത്ത വർഷം ഇന്ത്യ ലോകത്തിലെ നാലാമത്തെ വലിയ സമ്പദ്വ്യവസ്ഥയായേക്കും.

2028ൽ ഇന്ത്യ മൂന്നാം സ്ഥാനത്തെത്തും. ആഗോള രാഷ്ട്രീയത്തിലും ഇന്ത്യ ശക്തി നേടുകയാണ്. ലോകരാജ്യങ്ങളുമായി സ്വന്തം സൗഹൃദം നിർണയിക്കുന്നതിൽ ഇന്ത്യ ഇന്ന് കൂടുതൽ കരുത്തു നേടിയിരിക്കുന്നെന്നും ബ്രിമ്മർ പറഞ്ഞു.

# റിസർവ് ബാങ്ക് കേന്ദ്ര സർക്കാരിന് രണ്ടു ലക്ഷം കോടി രൂപ നൽകും



**കൊച്ചി:** കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ റിസർവ് ബാങ്കിൻറെ കൈവശമുള്ള അധിക പണത്തിൽ നിന്ന് 2.11 ലക്ഷം കോടി രൂപ കേന്ദ്ര സർക്കാരിലേക്ക് നൽകാൻ അനുമതിയായി.

202425 സാമ്പത്തിക വർഷത്തിലേക്കുള്ള കേന്ദ്ര സർക്കാരിൻറെ ഇടക്കാല ബജറ്റിൽ റിസർവ് ബാങ്ക്, പൊതുമേഖല ബാങ്കുകൾ, മറ്റു ധനകാര്യ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നായി ലാഭവിഹിതമായി 1.02 ലക്ഷം കോടി രൂപ ലഭിക്കുമെന്നാണ് ധനമന്ത്രി പറഞ്ഞിരുന്നത്. മുൻവർഷം 86,416 കോടി രൂപയാണ് അധിക പണമായി സർക്കാരിന് നൽകിയത്. കണ്ടിജൻസി റിസ്ക് കരുതലായി സൂക്ഷിക്കേണ്ട തുകയുടെ ശതമാനം ആറ് ശതമാനത്തിൽ നിന്നും ആറര ശതമാനമായി ഉയർത്താനും ബോർഡ് അംഗീകാരം നൽകി.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രാജ്യത്തെ പൊതുമേഖലാ ബാങ്കുകളുടെ ലാഭം 34 ശതമാനം 1.4 ലക്ഷം കോടി രൂപ കവിഞ്ഞിരുന്നു. ഇതോടെ ബാങ്കുകളിൽ നിന്ന് കേന്ദ്ര സർക്കാരിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ലാഭവിഹിതമായി ലഭിക്കുന്ന തുകയിൽ 30 ശതമാനം വർധനയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നടപ്പു വർഷം പൊതുമേഖല ബാങ്കുകളിൽ നിന്നുള്ള ലാഭവിഹിതം മുൻ വർഷത്തെ 13,800 കോടി രൂപയിൽ നിന്നും 18,000 കോടി രൂപയാകുമെന്നാണ് വിലയിരുത്തൽ.

സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യ, ബാങ്ക് ഒഫ് ബറോഡ, കനറാ ബാങ്ക്, ബാങ്ക് ഒഫ് ഇന്ത്യ എന്നിവയെല്ലാം ഇത്തവണ റെക്കോഡ് ലാഭവിഹിതമാണ് ഓഹരി ഉടമകൾക്ക് പ്രഖ്യാപിച്ചിട്ടുള്ളത്.



# അഡ്വ. ടി എസ് അജിത്ത് കേരള ബാർ കൗൺസിൽ ചെയർമാൻ



**കൊച്ചി:** ബാർ കൗൺസിൽ ഓഫ് കേരളയുടെ ചെയർമാനായി അഡ്വ. ടി എസ് അജിത്തിനെ ബാർ കൗൺസിൽ ഓഫ് ഇന്ത്യ നിയമിച്ചു. ചാവക്കാട് ബാറിലെ പ്രമുഖ അഭിഭാഷകനായ അദ്ദേഹം 2005 മുതൽ തുടർച്ചയായി മൂന്നു തവണ ബാർ കൗൺസിൽ അംഗമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇദ്ദേഹം മുൻ ബാർ കൗൺസിൽ ഓഫ് ഇന്ത്യ അംഗവും ബാർ കൗൺസിൽ ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനും ആയിരുന്നു. കേരള ബാർ കൗൺസിലിന്റെ എൻറോൾമെന്റ് കമ്മിറ്റി മെമ്പറായും പ്രവർത്തിച്ചിട്ടുണ്ട്.അഡ്വ. എം. ഷറഫുദ്ദീനെ ബാർ കൗൺസിൽ ഓഫ് കേരളയുടെ വൈസ് ചെയർമാനായും, അഡ്വ. കെ. പി. ജയചന്ദ്രനെ എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനായും, അഡ്വ. പി. സന്തോഷ് കുമാറിനെ ഹോണററി ട്രഷററായും, അഡ്വ. കെ. ആർ. രാജ്കുമാറിനെ ഹോണററി സെക്രട്ടറിയായും, അഡ്വ. പി. എ. മുഹമ്മദ് ഷാ, അഡ്വ. ബി. എസ്. ഷാജി, അഡ്വ. പി. സജീവ് ബാബു എന്നിവരെ വിവിധ കമ്മിറ്റി അംഗളായും ബാർ കൗൺസിൽ ഓഫ് ഇന്ത്യ നിയമിച്ചു.

# ഉയർന്ന വായ്പാ വിതരണവുമായി മുത്തൂറ്റ് ഫിൻകോർപ്പ്

**കൊച്ചി:** മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് വിതരണം ചെയ്ത വായ്പകൾ 2024 സാമ്പത്തിക വർഷത്തിൽ 18.60 ശതമാനം വളർച്ചയോടെ 61,703.26 കോടി രൂപയെന്ന എക്കാലത്തേയും ഏറ്റവും ഉയർന്ന നിലയിലെത്തി. ആകെ കൈകാര്യം ചെയ്യുന്ന ആസ്തികൾ 33,359.30 കോടി രൂപയിലുമെത്തി. മുൻ സാമ്പത്തിക വർഷത്തേക്കാൾ 62.12 ശതമാനം വളർച്ചയിൽ 1047.98 കോടി രൂപയുടെ അറ്റാദായത്തോടെയാണ് ഈ നില കൈവരിച്ചിട്ടുള്ളതെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ചെയർമാൻ തോമസ് ജോൺ മുത്തൂറ്റ് പറഞ്ഞു. മുത്തൂറ്റ് ഫിൻകോർപ്പിൻറെ മാത്രമായുള്ള വായ്പാ വിതരണം 15 ശതമാനം വർധിച്ച് 50167.12 കോടി രൂപയിലെത്തി. മുൻ വർഷം ഇത് 43443.26 കോടി രൂപയായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ 459.81 കോടിയേക്കാൾ അറ്റാദായം 22.40 ശതമാനം വർധിച്ച് 562.81 കോടി രൂപയിലുമെത്തിയിട്ടുണ്ട്. ആകെ കൈകാര്യം ചെയ്യുന്ന ആസ്തികൾ മുൻ വർഷം ഇതേകാലയളവിലെ 17615.07 കോടിയേക്കാൾ 23.26 ശതമാനം വർധിച്ച് 21712.34 കോടി രൂപയിലുമെത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ നാലാം പാദത്തിലെ 953.38 കോടിയേക്കാൾ 25.59 ശതമാനം വളർച്ചയുമായി 2024 സാമ്പത്തിക വർഷത്തിൻറെ ജനുവരിമാർച്ച് പാദത്തിൽ 1197.31 കോടി രൂപ വരുമാനം നേടി. മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 14 ശതമാനം വർധനവുമായി 2024 മാർച്ച് 31 വരെ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് മൊത്തം 4298445 ഉപഭോക്താക്കൾക്ക് സേവനം നൽകിയതായും അദ്ദേഹം പറഞ്ഞു.

# ഇയർബഡ്: ഓഫറാകുളമായി ഫ്ളിപ്പ്കാർട്ട് ഓഡിയോ

**കൊച്ചി:** മുൻനിര ഇയർബഡ്സ് ബ്രാൻഡുകൾക്ക് മികച്ച ഓഫറുകൾ ലഭ്യമാക്കികൊണ്ട് ഫ് ളിപ്പ്കാർട്ട് ഓഡിയോ.

റിയൽമി എയർ 5, വൺപ്ലസ് നോർഡ് ബഡ്സ് 2, നതിങ് ബഡ്സിന്റെ സിഎംഎഫ്, ബോട്ട് എയർഡോപ്സ് 200 പ്ലസ്, ബോൾട്ട് ഇസെഡ് 40 പ്രോ, മോട്ടോ ബഡ്സ്+, നതിംഗ് ഇയർ, ബോട്ട് ഇമ്മോർട്ടൽ 131, ബോൾട്ട് ആസ്ട്ര എന്നീ ഇയർബഡുകൾ ഫ് ളിപ്പ്കാർട്ട് ഓഡിയോയിൽ ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു. മികച്ച മൂല്യവും ഡീലുകളുമുള്ള മുൻനിര ബ്രാൻഡ് ഓഡിയോ ഉൽപന്നങ്ങളുടെ വിശാലമായ സെലക്ഷൻ നോകോസ്റ്റ് ഇഎംഐ ഓപ്ഷനുകളും എക്സ്ക്ലൂസീവ് ഓഫറുകളും ഉൾപ്പെടെ ലഭ്യമായിരിക്കും.

മികച്ചവ തിരഞ്ഞെടുക്കാൻ എളുപ്പമാക്കി ബജറ്റിനുള്ളിൽ ഇണങ്ങുന്നവ ഫ് ളിപ്പ്കാർട്ടിൽ കണ്ടെത്താം.ഫ് ളിപ്പ്കാർട്ട് ഓഡിയോയിലൂടെ റിയൽമി എയർ 5ന് 2,999 രൂപ, വൺപ്ലസ് നോർഡ് ബഡ്സ് 2ന് 2,499 രൂപ, 42 ഡിബി ആക്റ്റീവ് നോയ്സ് കാൻസലേഷൻ വരുന്ന സിഎംഎഫ് ബൈ നതിംഗ് ബഡ്സ് 1,999 രൂപയ്ക്ക് ലഭിക്കും.

ബോട്ട് എയർഡോപ്സ് 200പ്ലസ് 999 രൂപയ്ക്കും ബോൾട്ട് ഇസെഡ്40 പ്രോ 1,399 രൂപയ്ക്കും മോട്ടോ ബഡ്സ്+ 9,999 രൂപയ്ക്കും നതിംഗ് ഇയർ 11,999 രൂപയ്ക്കും ബോട്ട് ഇമ്മോർട്ടൽ 131 1,499 രൂപയ്ക്കും ബോൾട്ട് ആസ്ട്ര 1,499 രൂപയ്ക്കും ഫ് ളിപ്പ്കാർട്ടിൽ ലഭ്യമാണെന്നും കമ്പനി അധികൃതർ അറിയിച്ചു.



# സമുദ്ര ജൈവവൈവിധ്യം: സർവ്വേ നടത്തി സിഎംഎഫ്ആർഐ

**കൊച്ചി:** അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനാഘോഷത്തിന്റെ ഭാഗമായി, കേരളത്തിലെ സമുദ്രജൈവവൈവിധ്യത്തെ മനസ്സിലാക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഏകദിന പഠന സർവേ നടത്തി.

സിഎംഎഫ്ആർഐയിലെ മറൈൻ ബയോഡൈവേഴ്സിറ്റി ആന്റ് എൻവയൺമെന്റ് മാനേജ്മെന്റ് ഡിവിഷനിലെ 55 പേരടങ്ങുന്ന വിദഗ്ധരുടെ വിവിധ സംഘങ്ങളാണ് ഒരേ സമയം രാവിലെ അഞ്ച് മുതൽ ഉച്ചക്ക് 12 വരെ കാസർകോട് മുതൽ വിഴിഞ്ഞം വരെയുള്ള 26 ഹാർബറുകളിൽ മത്സ്യചെമ്മീൻഞണ്ട്കക്കവർഗയിനങ്ങളുടെ വിശദമായ അവലോകനം നടത്തിയത്. പ്രാഥമിക വിലയിരുത്തലിൽ, വിവിധ ഹാർബറുകളിൽ നിന്നായി മൊത്തം 468 ഇനം മീനുകളെ പിടിച്ചതായി ഗവേഷകർ കണ്ടെത്തി. കേരളത്തോട് ചേർന്ന സമുദ്രഭാഗങ്ങളിൽ വസിക്കുന്ന മത്സ്യയിനങ്ങളുടെ വൈവിധ്യമാണ് ഇത് കാണിക്കുന്നത്.അയല, മത്തി, കൊഴുവ, ചെമ്മീൻ, കൂന്തൽ തുടങ്ങിയ മീനുകളുമാണ് പിടിച്ചവയിൽ ഏറ്റവും കൂടുതലുള്ളത്.

ആഴക്കടൽ മത്സ്യങ്ങളായ വിവിധയിനം സ്രാവുകളും മറ്റ് അടിത്തട്ട് മത്സ്യയിനങ്ങളും പിടിച്ചെടുത്തത് സർവേയിൽ കണ്ടെത്തി. മാത്രമല്ല, മുമ്പ് രേഖപ്പെടുത്താത്ത, ഏഴ് ഇനം പുതിയ മീനുകളെ ഒരു ദിവസത്തെ പഠനസർവേയിൽ ഗവേഷകർക്ക് കണ്ടെത്താനായി. കൂടുതൽ പഠനം ഇതുമായി ബന്ധപ്പെട്ട് നടത്തേണ്ടതുണ്ടെന്ന് ഗവേഷകർ പറയുന്നു.സമുദ്രവിഭവങ്ങൾ ഭാവിതലമുറക്കായി സംരക്ഷിക്കുന്നതിനുള്ള സുസ്ഥിര പരിപാലന രീതികൾക്ക് ഏറെ പ്രയോജനകരമാണ് സർവയിലെ കണ്ടെത്തലുകളെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു.

കേരളത്തിലെ സമുദ്ര ജൈവവൈവിധ്യത്തെ കുറിച്ചുള്ള പഠനത്തിന് വലിയ മുതൽക്കൂട്ടാകുന്നതാണ് ഈ സർവേ. സമുദ്രജീവികളുടെ ലഭ്യതയും സമൃദ്ധിയും മനസ്സിലാക്കാൻ ഇത് ഉപകരിക്കും.സിഎംഎഫ്ആർഐയിലെ മറൈൻ ബയോഡൈവേഴ്സിറ്റി ആന്റ് എൻവയൺമെന്റ് മാനേജ്മെന്റ് ഡിവിഷനിലെ ശാസ്ത്രജ്ഞർ, സാങ്കേതിക ഉദ്യോഗസ്ഥർ, ഗവേഷകർ, വിദ്യാർഥികൾ എന്നിവരടങ്ങുന്നതാണ് സർവേ സംഘം.

# റിട്ടയർമെന്റ് നിക്ഷേപം വൈകിപ്പിക്കരുത്

**കൊച്ചി:** റിട്ടയർമെന്റ് നിക്ഷേപം വൈകിപ്പിക്കുന്നതിന് വലിയ വില കൊടുക്കേണ്ടി വരുമെന്ന് ബന്ധൻ എഎംസി സെയിൽ ആന്റ് മാർക്കറ്റിങ് മേധാവി ഗൗരവ് പരിജ.ജീവിതത്തിൽ എടുത്തിരിക്കേണ്ട പ്രധാന തീരുമാനങ്ങൾ വൈകിപ്പിക്കുക പലപ്പോഴും ആളുകളുടെ ശീലമാണ്. പ്രത്യേകിച്ച് റിട്ടയർമെന്റ് കാലത്തേക്കുള്ള നിക്ഷേപത്തിന്റെ കാര്യത്തിൽ. ഉയർന്ന ജീവിത നിലവാരവും മെച്ചപ്പെട്ട ആരോഗ്യ പരിചരണവും സമൂഹത്തിൽ ആരോഗ്യ അവബോധം വർധിച്ചതുമെല്ലാം ആയുർദൈർഘ്യം വർധിപ്പിച്ച ഇന്നത്തെ സാഹചര്യത്തിൽ റിട്ടയർമെന്റ് കാലം ആസൂത്രണം ചെയ്യുന്നതിന് വളരെ പ്രാധാന്യമുണ്ട്. ഈ തീരുമാനങ്ങളും ആസൂത്രണങ്ങളും വൈകിപ്പിക്കുന്നത് വലിയ പ്രത്യാഘാതമുണ്ടാക്കും. ഇത് കോമ്പൗണ്ടിംഗ് റിട്ടേണുകളുടെ



ലഭിക്കുന്ന കാലയളവ് കുറയ്ക്കുകയും നിക്ഷേപ ഓഹരികളിൽ ഇടിവുണ്ടാക്കുകയും ചെയ്യും.ഇക്കാര്യങ്ങൾ പരിഗണിക്ക് ഒരിക്കലും റിട്ടയർമെന്റ് കാലത്തേക്കുള്ള സാമ്പത്തിക ആസൂത്രണം മാറ്റിവെക്കരുതെന്നും ഗൗരവ് പരിജ അഭിപ്രായപ്പെട്ടു. റിട്ടയർമെന്റ് പ്ലാനിങ് ഒരിക്കലും അവസാന നിമിഷത്തേക്ക് മാറ്റിവെക്കരുത്. 20കളും 30കളും പ്രായമുള്ളവർ റിട്ടയർമെന്റിന് പ്രാധാന്യം നൽകുന്നില്ല. അത് വിദൂര ഭാവിയിലെ ഒന്നായാണ് കാണുന്നത്. പകരം കുടുംബ ഉത്തരവാദിത്തങ്ങൾക്കും കരിയർ മെച്ചപ്പെടുത്തുന്നതിലുമാണ് ഇവർ ശ്രദ്ധിക്കുന്നത്. റിട്ടയർമെന്റിന് കാലം ബാക്കിയുണ്ടെങ്കിലും അതിനുള്ള മുന്നൊരുക്കങ്ങൾ വളരെ നേരത്തെ തന്നെ ആരംഭിക്കുന്നത് മികച്ച ഒരു റിട്ടയർമെന്റിന് വഴിയൊരുക്കുമെന്നും ഗൗരവ് പരിജ ചൂണ്ടിക്കാട്ടുന്നു.




# ബ്രോങ്കോകോൺ; ശ്വാസകോശ രോഗവിദഗ്ദ്ധരുടെ ദേശീയ സമ്മേളനം 24 മുതൽ

**കൊച്ചി:** ഇന്റർവെൻഷണൽ പൾമണോളജിയുടെ ് ദേശീയ സമ്മേളനം 'ബ്രോങ്കോകോൺ കൊച്ചി2024' മെയ് 24 മുതൽ മെയ് 26 വരെ ഹോട്ടൽ ലെ മെറിഡിയനിൽ നടക്കും.ഇന്ത്യൻ അസോസിയേഷൻ ഫോർ ബ്രോങ്കോളജിയാണ് സമ്മേളനത്തിന്റെ സംഘാടകർ.അക്കാഡമി ഓഫ് പൾമണറി ആൻഡ് ക്രിട്ടിക്കൽ കെയർ മെഡിസിൻ (എപിസിസിഎം), കൊച്ചിൻ തൊറാസിക് സൊസൈറ്റി (സിടിഎസ്) എന്നിവയുടെ പങ്കാളിത്തവും സമ്മേളനത്തിലുണ്ടാവുമെന്ന് ഓർഗനൈസിംഗ് ചെയർമാൻ ഡോ. നാസർ യൂസഫ് വാർത്താ സ്മേളനത്തനിൽ പറഞ്ഞു.ബ്രോങ്കോസ്കോപ്പി, തോറാക്കോസ്കോപ്പി, പീഡിയാട്രിക് ഇന്റർവെൻഷണൽ പൾമണോളജി, റോബോട്ടിക്സ് എന്നിവയിലുണ്ടായിട്ടുള്ള ശാസ്ത്ര സാങ്കേതിക മുന്നേറ്റങ്ങളും നൂതന ശസ്ത്രക്രിയാ രീതികളും പഠനവിഷയമാക്കുന്ന നിരവധി ശാസ്ത്ര സെഷനുകളും ശിൽപശാലകളും സമ്മേളനം സംഘടിപ്പിക്കുന്നുണ്ട്. സമ്മേളനത്തിന്റെ ഉദ്ഘോടനം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ 25ന് വൈകീട്ട് ആറ് മണിക്ക് നിർവ്വഹിക്കും. കെയുഎച്ച്എസ് വൈസ് ചാൻസലർ ഡോ.മോഹനൻ കുന്നുമ്മൽ മുഖ്യപ്രഭാഷണം നടത്തും.കോവിഡ്19 ദീർഘകാല ശ്വാസകോശ സംബന്ധമായ സങ്കീർണതകൾ സൃഷ്ടിച്ച സാഹചര്യത്തിൽ, പുതിയ ചികിത്സാ രീതികളും സാങ്കേതിക വിദ്യകളുമായി പൾമനോളജി ഏറെ വികസിച്ചു. ഇന്റർവെൻഷൻ, ദൃശ്യ സങ്കേതിക വിദ്യകളിലൂടെ ശ്വാസകോശ രോഗനിർണ്ണയം, ചികിത്സ എന്നീ മേഖലകളിൽ അസാധാരണമായ കൃത്യതയും, ശ്രദ്ധേയമായ മുന്നേറ്റവുമാണ് ഉണ്ടായിട്ടുള്ളതെന്നും ഡോ. നാസർ യൂസഫ് പറഞ്ഞു.ശ്വാസകോശത്തിന്റെയും, അറകളുടെയും സങ്കീർണ്ണതകളും , രോഗാവസ്ഥകളും സംബന്ധിച്ച് സർജൻമാർക്ക് അഭൂതപൂർവമായ ഉൾക്കാഴ്ച നൽകുന്ന സാങ്കേതിക വിദ്യകളായി ബ്രോങ്കോസ്കോപ്പി, എൻഡോബ്രോങ്കിയൽ അൾട്രാസൗണ്ട് (ഇ.ബി.യു.എസ്), തോറാക്കോസ്കോപ്പി എന്നിവ വികസിച്ചു കഴിഞ്ഞു.ബ്രോങ്കോസ്കോപ്പിയും ഇ.ബി.യു.എസ്ളം സമന്വയിപ്പിക്കുന്നതിലൂടെ, ഡോക്ടർമാർക്ക് ശ്വാസകോശ അർബുദമടക്കമുള്ള രോഗനിർണ്ണയങ്ങളിൽ സമാനതകളില്ലാത്ത കൃത്യത കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.കീറി മുറിക്കൽ ഇല്ലാത്ത ശ്വാസകോശ ഇന്റർവെൻഷൻ ശസ്ത്രക്രിയാ രീതികളിൽറോബോട്ടിക്സ് സാങ്കേതിക വിദ്യ കൂടി സംയോജിപ്പിക്കുന്നത് സങ്കീർണ്ണമായ കേസുകൾ കൂടുതൽ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യാൻ ശസ്ത്രക്രിയാ വിദഗ്ധരെ പ്രാപ്തരാക്കുമെന്ന് ഡോ. നാസർ യൂസഫ് പറഞ്ഞു.നെഞ്ചിനുള്ളിലേക്ക് ചെറിയ ക്യാമറ കടത്തി ശ്വാസകോശത്തിന് പുറം ഭാഗം പരിശോധിച്ച് കീ ഹോൾ ശസ്ത്രകിയകൾ സാധ്യമാക്കുന്ന മെഡിക്കൽ സാങ്കേതിക വിദ്യയായ തോറാക്കോസ്കോപ്പി ശ്വാസകോശ ശസ്ത്രക്രിയയിലെ വിപ്ലവമാണ്. ഇത് സംബന്ധിച്ച് നിരവധി ശാസ്ത്ര സെഷനുകൾ സമ്മേളനത്തിലുണ്ടെന്ന് സീനിയർ പൾമണോളജിസ്റ്റ് ഡോ. എ. ആർ പരമേശ് പറഞ്ഞു,ഓർഗനൈസിംഗ് സെക്രട്ടറി ഡോ. കെ അഖിലേഷ്, ഡോ.പ്രവീൺ വത്സലൻ ഡോ.റെന്നിസ് ഡേവിസ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# കൊച്ചി– ദോഹ വിമാന സർവീസുകളുമായി ആകാശ എയർ

**കൊച്ചി:** ആകാശ എയർ കൊച്ചിക്കും ദോഹക്കുമിടയിൽ മുംബൈ വഴി 4 പ്രതിവാര വൺസ്റ്റോപ്പ് വിമാന സർവീസുകൾ ആരംഭിച്ചു. കഴിഞ്ഞ 2 ദശാബ്ദങ്ങളിൽ കൊച്ചിക്കും ദോഹക്കുമിടയിൽ വിനോദസഞ്ചാരം മികച്ച തോതിൽ നടന്നു വരികയാണ്. ബിസിനസ്, വിനോദം തുടങ്ങി വിവിധ വിഭാഗങ്ങളിലെ യാത്രക്കാരാണ് ടൂറിസം മേഖലക്ക് ഈ കുതിപ്പ് നൽകുന്നത്.ബുധൻ, വ്യാഴം, ശനി, ഞായർ ദിവസങ്ങളിലാണ് മുംബൈ വഴിയുള്ള കൊച്ചി ദോഹ വിമാന സർവീസുകൾ. 2022 ഓഗസ്റ്റിൽ ആരംഭിച്ച ആകാശ എയർ 80 ലക്ഷം യാത്രക്കാർക്ക് സേവനം നൽകി കഴിഞ്ഞു. ദോഹ (ഖത്തർ), ജദ്ദ (സൗദി അറേബ്യ), കൊച്ചി, ഡൽഹി, മുംബൈ, അഹമദാബാദ്, ബംഗളൂരു തുടങ്ങി 24 നഗരങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് വിമാന സർവീസുകൾ നടത്തി വരുന്നു. ആകാശ എയറിന്റെ വെബ്സൈറ്റിലൂടേയും ആൻഡ്രോയ്ഡ്, ഐ ഒ എസ് ആപ്പുകളിലൂടേയും പ്രമുഖ ട്രാവൽ ഏജന്റുമാരിലൂടെയും (ഒടിഎ) ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്.

# കെ.എച്ച്.ആർ.എ സുരക്ഷാപദ്ധതി

**കൊച്ചി:** കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ അംഗങ്ങൾക്കായുള്ള കെ.എച്ച്.ആർ.എ. സുരക്ഷാപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ലോഗോ പ്രകാശനവും എറണാകുളം കെ.എച്ച്.ആർ.എ. ഭവനിൽ നടന്ന ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ നിർവ്വഹിച്ചു. പദ്ധതിയിൽ അംഗമാകുന്ന കെ.എച്ച്.ആർ.എ. അംഗം മരണപ്പെട്ടാൽ കുടുംബത്തിന് 10 ലക്ഷം രൂപ ആശ്വാസധനം നൽകുന്ന പദ്ധതിയാണ് കെ.എച്ച്.ആർ.എ. സുരക്ഷ. പതിറ്റാണ്ടുകൾ ഹോട്ടൽ വ്യാപാരം നടത്തി ഒന്നും സമ്പാദിക്കുവാൻ കഴിയാതെ അംഗം ആകസ്മികമായി മരണപ്പെട്ടാൽ കുടുംബത്തിനുണ്ടാകുന്ന അനിശ്ചിതാവസ്ഥയിൽ ഒരു കൈത്താങ്ങാകുവാനാണ് ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ചതെന്ന് പ്രസിഡന്റ് ജി. ജയപാൽ അറിയിച്ചു. ഈ പദ്ധതിയിൽ കെ.എച്ച്.ആർ.എ. അംഗങ്ങൾക്കും തൊഴിലാളികൾക്കും ചേരുവാൻ സാധിക്കും. ഒരംഗം മരണപ്പെട്ടാൽ മറ്റെല്ലാ അംഗങ്ങളും ചേർന്ന് ആ അംഗത്തിന്റെ കുടുംബത്തിന് കൈത്താങ്ങാകുന്ന സവിശേഷമായ സാഹോദര്യമാണ് ഈ പദ്ധതിയിലൂടെ സംഘടന ലക്ഷ്യമാക്കുന്നതെന്നും അദ്ദേഹം അറിയിച്ചു. എറണാകുളം കെ.എച്ച്.ആർ.എ. ഭവനിൽ നടന്ന സുരക്ഷാ പദ്ധതി രജിസ്ട്രേഷൻ ഉദ്ഘാടന ചടങ്ങിൽ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് സി. ബിജുലാൽ അദ്ധ്യക്ഷതവഹിച്ചു. കെ.എച്ച്.ആർ.എ. സുരക്ഷാപദ്ധതി സംസ്ഥാന ചെയർമാൻ വി. ടി. ഹരിഹരൻ, സംസ്ഥാന വൈസ് പ്രസിഡന്റ് അസീസ്, സംസ്ഥാന സെക്രട്ടറിമാരായ വി. വീരഭദ്രൻ, അബ്ദുൾസമദ്, കെ.എച്ച്.ആർ. സുരക്ഷാപദ്ധതി സംസ്ഥാന കൺവീനർ നാസർ താജ്, എറണാകുളം ജില്ലാ പ്രസിഡന്റ് ടി. ജെ. മനോഹരൻ, ജില്ലാസെക്രട്ടറി കെ. ടി. റഹിം എന്നിവരും വിവിധ ജില്ലാ ഭാരവാഹികളും പങ്കെടുത്തു.



# ചിരട്ടയിൽ നിന്നും ഇൻലൈൻ വാട്ടർ ഫിൽട്ടറുകൾ നിർമ്മിച്ച് ഇൻഡ്കാർബ്

**കൊച്ചി:** ചിരട്ടയിൽ നിന്ന് ഉൽപ്പാദിപ്പിച്ച ആക്ടിവേറ്റഡ് കാർബൺ മെറ്റീരിയലുകൾ ഉപയോഗിച്ച് വാട്ടർ പ്യൂരിഫയറിന് ആവശ്യമായിട്ടുള്ള ഇൻലൈൻ ഫിൽട്ടറുകൾ നിർമിച്ച് പാലക്കാട് ഇൻഡ്കാർബ് പ്രൈവറ്റ് ലിമിറ്റഡ്.കൊച്ചിയിൽ നടന്ന ലോഞ്ചിംഗ് ചടങ്ങിൽ നാളികേര വികസന ബോർഡ് മുഖ്യ നാളികേര വികസന ഓഫീസർ ഡോ. ഹനുമന്ത ഗൗഡ ബി മുഖ്യാതിഥിയായിരുന്നു. ഇൻഡ്കാർബ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഗോകുൽ തൊട്ടിക്കമ്മത്ത് ഉൽപ്പന്നം ലോഞ്ച് ചെയ്തു. നാളികേര വികസന ബോർഡിന്റെ ടെക്നോളജി മിഷനു കീഴിൽ ധനസഹായം ലഭിച്ചിട്ടുള്ള ഇൻഡ്കാർബ് കയറ്റുമതി ഗുണമേന്മയുള്ള ആക്ടിവേറ്റഡ് കാർബൺ ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ഇൻലൈൻ വാട്ടർ ഫിൽട്ടറിന്റെ സ്വന്തമായി ഒരു ബ്രാൻഡ് പുറത്തിറക്കുന്ന ഇന്ത്യയിലെ ആദ്യത്തെ നിർമ്മാതാവാണ്. 2023-ൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഏറ്റവും മികച്ച നിർമ്മാണ യൂണിറ്റിനുള്ള അവാർഡ് നേടിയ കമ്പനിക്ക് സിഐഎസ്ഐഡിഐസിഐ, കഞ്ചിക്കോട് ഇൻഡസ്ട്രിയൽ ഫോറം തുടങ്ങിയ അവാർഡുകളും ലഭിച്ചിട്ടുണ്ട്.

കാറ്റലൈറ്റിക്, ഹൈ ആക്ടിവിറ്റി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അവരുടെ പുതിയ പ്രോജക്റ്റ് കമ്പനി ആരംഭിച്ചിട്ടുണ്ട്. ഈ ഉദ്യമത്തിലൂടെ കൂടുതൽ ആക്ടിവേറ്റഡ് കാർബൺ ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ സാധിക്കുമെന്ന് അധികൃതർ അറിയിച്ചു.



# ഐഐഎം സമ്പൽപൂർ സ്റ്റാർട്ട് അപ്പുകളേയും സംരംഭകരേയും ക്ഷണിക്കുന്നു

**കൊച്ചി:** ഐഐഎം സമ്പൽപൂർ ഐ ഹബ് ഫൗണ്ടേഷൻറെ ഇൻക്യുബേറ്റർ, ആക്സിലറേറ്റർ പദ്ധതിക്കായി സ്റ്റാർട്ട് അപ്പുകളേയും സംരംഭകരേയും ക്ഷണിച്ചു. സാമൂഹിക മാറ്റങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്ന സംരംഭങ്ങൾക്ക് തുടക്കം കുറിക്കാനുള്ള സംവിധാനമാണ് ഇതിലൂടെ പ്രദാനം ചെയ്യുക.

സുസ്ഥിര ഭാവിക്കായി ഉത്തരവാദിത്തമുള്ള ബിസിനസ് രീതികൾ പ്രോൽസാഹിപ്പിക്കുക എന്നതും ഇതിൻറെ ലക്ഷ്യമാണ്. മെയ് 30 വരെ അപേക്ഷ സമർപ്പിക്കാം.

സംരംഭകത്വ സംവിധാനങ്ങളുടെ കാര്യത്തിൽ ഒരു സുപ്രധാന നാഴികക്കല്ലായിരിക്കും ഇതെന്ന് ഐഐഎം സമ്പൽപൂർ ഡയറക്ടർ ഡോ. മഹാദിയോ ജെയ്സ്വാൾ പറഞ്ഞു.

# മഹീന്ദ്ര ഫിനാൻസ് കോർപ്പറേറ്റ് ലൈസൻസി രംഗത്തേക്ക

**കൊച്ചി:** മഹീന്ദ്ര ഗ്രൂപ്പിൻറെ ഭാഗമായ മഹീന്ദ്ര ആൻറ് മഹീന്ദ്ര ഫിനാൻഷ്യൽ സർവീസസിന് ഐആർഡിഎയുടെ കോർപ്പറേറ്റ് ഏജൻസി ലൈസൻസ് ലഭിച്ചു. ബാങ്ക് ഇതര ധനകാര്യ സ്ഥാപനമായ മഹീന്ദ്ര ആൻറ് മഹീന്ദ്ര ഫിനാൻഷ്യൽ സർവീസസിന് ഉപഭോക്താക്കൾക്ക് അനുയോജ്യമായ ഇൻഷൂറൻസ് പദ്ധതികൾ പ്രദാനം ചെയ്യാൻ ഇതു സഹായകമാകും. സാങ്കേതികവിദ്യാ രംഗത്തെ മുന്നേറ്റങ്ങൾ പ്രയോജനപ്പെടുത്തി കൂടുതൽ ഫലപ്രദമായ സേവനങ്ങൾ നൽകുന്നതിലാവും സ്ഥാപനം ശ്രദ്ധ കേന്ദ്രീകരിക്കുക. വിവിധ കമ്പനികളുടെ ലൈഫ്, ജനറൽ, ആരോഗ്യ ഇൻഷൂറൻസുകൾ സംബന്ധമായ എല്ലാവിധ സേവനങ്ങളും കോർപ്പറേറ്റ് ഏജൻസി ലൈസൻസ് പ്രകാരം ലഭ്യമാക്കും. വൻനഗരങ്ങളെ അപേക്ഷിച്ച് ഇൻഷൂറൻസ് സാന്ദ്രത കുറവുള്ള ചെറു പട്ടണങ്ങളിലും ഗ്രാമീണ മേഖലകളിലും സേവനങ്ങൾ നൽകാനും കമ്പനി ശ്രദ്ധ പതിപ്പിക്കും.മഹീന്ദ്ര ഫിനാൻസിൻറെ 1360ൽ ഏറെ ശാഖകളിലൂടെ വ്യക്തിഗത സേവനങ്ങൾ ലഭ്യമാക്കി കൂടുതൽ വരുമാനം സൃഷ്ടിക്കുന്ന വിധത്തിലാവും ഈ വൈവിധ്യവൽക്കരണം മുന്നോട്ടു പോകുകയെന്ന് സിഇഒയും മാനേജിങ് ഡയറക്ടറും സിഇഒയുമായ റൗൾ റെബല്ലോ പറഞ്ഞു.

# സാധനളുടെ വിലക്കയറ്റം: വില വർധിപ്പിക്കുമെന്ന് ഹോട്ടൽ ഉടമകൾ

**കൊച്ചി:** പച്ചക്കറി,ചിക്കൻ, ബീഫ് അടക്കമുള്ളവയ്ക്കും നിത്യോപയോഗ സാധനങ്ങൾക്കും വില കുതിച്ചുയർന്നതോടെ ഹോട്ടൽ മേഖല പ്രതിസന്ധി നേരിടുകയാണെന്ന് കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ. സർക്കാർ അടിയന്തിരമായി വിലക്കയറ്റം നിയന്ത്രിക്കുവാൻ വിപണിയിലിടപെട്ട് നടപടികൾ സ്വീകരിക്കണമെന്ന് അസോസിയേഷൻ ആവശ്യപ്പെട്ടു. ചിക്കന്റെ വില രണ്ടു മാസത്തിനിടെ ഇരട്ടിയോളമാണ് വർദ്ധിച്ചിരിക്കുന്നത്. ചിക്കൻ കൂടാതെ ബീഫ്, കോഴിമുട്ട, പച്ചക്കറികൾ തുടങ്ങി അവശ്യസാധനങ്ങൾക്കെല്ലാം വലിയ തോതിലാണ് വില ഉയരുന്നത്. ഹോട്ടലുകൾക്ക് പ്രവർത്തന ചെലവുപോലും ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. വിലക്കയറ്റം ഈ രീതിയിൽ തുടരുകയാണെങ്കിൽ ഹോട്ടൽ വിഭവങ്ങൾക്ക് വിലവർദ്ധിപ്പിച്ചാൽപോലും പിടിച്ചുനിൽക്കാനാവില്ലായെന്ന് കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാനപ്രസിഡന്റ് ജി. ജയപാലും സംസ്ഥാന ജനറൽസെക്രട്ടറി കെ. പി. ബാലകൃഷ്ണപൊതുവാളും അറിയിച്ചു.

## നിപ്മറിൽ ഒക്യുപേഷണൽ തെറാപ്പി ബിരുദ കോഴ്സ് : ജൂൺ 15നു മുൻപായി അപേക്ഷിക്കാം

**ഇരിങ്ങാലക്കുട:** സംസ്ഥാന സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഇരിങ്ങാലക്കുടയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ നിപ്മറിൽ ഒക്യുപേഷണൽ തെറാപ്പി ബിരുദ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു സയൻസ് അൻപത് ശതമാനം മാർക്കോടെ പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും എൽ ബി എസ്സിന്റെ പാരാമെഡിക്കൽ ബിരുദ കോഴ്സുകളിലേയ്ക്കുള്ള രജിസ്ട്രേഷൻ പോർട്ടൽ വഴി അപേക്ഷിക്കാം. രാജ്യത്തിനകത്തും പുറത്തും ധാരാളം ജോലി സാധ്യതകളുള്ള ഒക്യുപ്പേഷണൽ തെറാപ്പി ബിരുദ കോഴ്സ് കേരള ആരോഗ്യ സർവ്വകലാശാലയുടെ അഫിലിയേഷനോടേയും ഓൾ ഇന്ത്യ ഒക്യുപേഷണൽ തെറാപ്പി അസോസിയേഷന്റെ അംഗീകാരത്തോടേയുമാണ് നടത്തുന്നത്. അപേക്ഷാ ഫീസ് ജൂൺ 12 വരെ അടയ്ക്കാം. ജൂൺ 15 ആണ് അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി. കൂടുതൽ വിവരങ്ങൾക്ക് www.lbscetnre.kerala.gov.in വെബ്സൈറ്റ് സന്ദർശിക്കാം. കൂടാതെ വിശദ വിവരങ്ങൾക്ക് 9288008975.



# എസ്ച്ചാറി സരോവർ ഇനിമുതൽ എസ്ച്ചാറി സരോവർ പ്രീമിയർ

**തിരുവനന്തപുരം:** പൂവാറിലെ എസ്ച്ചാറി സരോവർ പോർട്ടിക്കോയെ എസ്ച്ചാറി സരോവർ പ്രീമിയർ നിലവാരത്തിലേക്ക് ഉയർത്തി സരോവർ ഹോട്ടൽസ്. പുതുക്കിയ ഈ റിസോർട്ടിൽ ഇപ്പോൾ അതിഥികൾക്കായി 5 പൂൾ വില്ലകളും 2 സ്യൂട്ട് റൂമുകളും 39 അഴിമുഖ കാഴ്ച്ച നൽകുന്ന റൂമുകളുമാണുള്ളത്. അതോടൊപ്പം ഗാർഡൻ കോട്ടേജുകളുടേയും ലീഷർ വില്ലകളുടേയും പ്രീമിയം കോട്ടേജുകളുടേയും തെരഞ്ഞെടുത്ത ഒരു ഭാഗം പുതുക്കിപ്പണിയലിന് വിധേയമായിക്കൊണ്ടിരിക്കുകയാണ് പുതുക്കി പണിത താമസ സൗകര്യങ്ങൾക്ക് പുറമേ, എസ്ച്ചാറി സരോവർ പ്രീമിയർ ചായക്കട എന്ന പേരിൽ ഒരു പുതിയ റസ്റ്റോറന്റും പരിപാടികളും സമ്മേളനങ്ങളും നടത്തുന്നതിനായി 300 അതിഥികളെ ഉൾക്കൊള്ളാൻ കഴിയുന്ന പൂവാർ ഹോളും 100 അതിഥികളെ ഉൾക്കൊള്ളാൻ കഴിയുന്ന നെയ്യാൻ ഹോളും 22 അതിഥികളെ ഉൾക്കൊള്ളാൻ കഴിയുന്ന ബോർഡ് റൂമും 2000 അതിഥികളെ ഉൾക്കൊള്ളാൻ കഴിയുന്ന വിശാലമായ ലോണുകൾ തുടങ്ങിയ സൗകര്യങ്ങളുമുണ്ടാകുമെന്ന് സരോവർ ഹോട്ടൽസിന്റെ മാനേജിങ് ഡയറക്ടറും ലോവ്റ ഹോട്ടൽസ് ഇന്ത്യയുടെ ഡയറക്ടറുമായ അജയ് കെ ബക്കായ പറഞ്ഞു.



# തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് സിഐഐഐടിസി അംഗീകാരം

**വലിയതുറ:** കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐഐടിസി) സെൻറർ ഓഫ് എക്സലൻസ് ഫോർ സസ്റ്റെയ്നബിൾ ഡെവലപ്മെൻറിൻറെ സീറോ വേസ്റ്റ് ടു ലാൻഡ്ഫിൽ അംഗീകാരം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് ലഭിച്ചു.ഇന്ത്യയിൽ ഈ അംഗീകാരം നേടുന്ന ആദ്യ വിമാനത്താവളമാണ് തിരുവനന്തപുരം. വിമാനത്താവളത്തിൽ സുസ്ഥിര മാലിന്യ സംസ്കരണത്തിനായി അവലംബിച്ച മാലിന്യം കുറയ്ക്കൽ, പുനരുപയോഗം, പുനഃസംസ്ക്കരിക്കൽ, വീണ്ടെടുക്കൽ എന്നിവയിലൂടെ ലാൻഡ്ഫിൽ ഡൈവേർഷൻ നിരക്ക് 99.50 ശതമാനം കൈവരിച്ചതായി സിഐഐ വിലയിരുത്തി. 100 ശതമാനം പ്ലാസ്റ്റിക് മാലിന്യങ്ങളും ഖരമാലിന്യങ്ങളും എയർപോർട്ടിൽ സംസ്കരിക്കുന്നുണ്ട്.

കഴിഞ്ഞ വർഷത്തെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളാണ് സിഐഐ വിലയിരുത്തിയത്. സീറോ വേസ്റ്റ് ടു ലാൻഡ്ഫിൽ എന്നതിൻറെ ലക്ഷ്യം ഉൽപ്പാദിപ്പിക്കുന്ന മാലിന്യത്തിൻറെ അളവ് കുറയ്ക്കുന്നതിനൊപ്പം കുറഞ്ഞത് 99 ശതമാനവും മാലിന്യ രൂപത്തിൽനിന്ന് മാറ്റുക എന്നതാണ്.കടലാസ് മാലിന്യം, ഭക്ഷണാവശിഷ്ടങ്ങൾ, റോഡ് മാലിന്യങ്ങൾ എന്നിവയായിരുന്നു വിമാനത്താവളത്തിലെ മാലിന്യ ഉൽപാദനത്തിൻറെ പ്രധാന ഉറവിടങ്ങൾ. ഐഎസ്ഒ 14001:2015 അംഗീകാരമുള്ള മാലിന്യ സംസ്കരണ സംവിധാനം എയർപോർട്ടിലുണ്ട്. വേർതിരിക്കുന്ന മാലിന്യങ്ങൾ ശേഖരിക്കുന്നതിനും പുന രുപയോഗ യാർഡിലേക്കു മാറ്റാനും സംവിധാനങ്ങളുണ്ട്.



# മഴ: കുട്ടനാട്ടിൽ ജലനിരപ്പ് ഉയരുന്നു

**എടത്വ:** കനത്ത മഴയെത്തുടർന്ന് പമ്പയാറ്റിൽ ജലനിരപ്പ് ഉയരുന്നു. പത്തനംതിട്ടയിലും കുട്ടനാട് അപ്പർ കുട്ടനാട് മേഖലകളിൽ രണ്ടു ദിവസമായി പെയ്യുന്ന മഴയാണ് പമ്പാ നദിയിലെ ജലനിരപ്പ് ഉയരാൻ കാരണം.

മണലും എക്കലും ചെളിയുമടിഞ്ഞ് നദിയുടെ സംഭരണശേഷി ഗണ്യമായി കുറഞ്ഞതും ജലനിരപ്പ് ഉയരുന്നതിന് ആക്കം കൂട്ടുന്നു. കലങ്ങിമറിഞ്ഞ കിഴക്കൻ വെള്ളത്തിൻറെ വരവും ശക്തമായ ഒഴുക്കും ആരംഭിച്ചു. അച്ചൻകോവിലാറും പമ്പയാറും സംഗമിക്കുന്ന അപ്പർ കുട്ടനാട്ടിലെ വീയപുരത്ത് ഇതിനോടകം താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. പാടശേഖര താമസക്കാരുടെ കരകൃഷി വെള്ളപ്പൊക്ക ഭീഷണിയിലാണ്. മരച്ചീനി, ഏത്തവാഴ, പച്ചക്കറി തുടങ്ങിയ വിളകൾ വെള്ളക്കെട്ടിലായി. മരച്ചീനി വിളവെത്തുന്നതിന് മുൻപേ കർഷകർ പറിച്ചുതുടങ്ങി.

പള്ളിപ്പാട് ചെന്നിത്തല പ്രദേശങ്ങളിലെ നെൽകൃഷി വിളവെടുപ്പ് ഇനിയും പൂർത്തീകരിച്ചിട്ടില്ല. മാന്നാർ കൃഷിഭവൻ പരിധിയിൽ വരുന്ന മേൽപ്പാടം, പാവുക്കര, കൊടവള്ളാരി പാടശേഖരങ്ങളിലെ വിളവെടുത്ത നെല്ല് പത്തുദിവസം സംഭരണത്തിനു കാത്തു കിടക്കുകയാണ്.

കാലവർഷം ആരംഭിച്ച് ദിവസങ്ങൾ കഴിയുന്നതിന് മുൻപേ ആയിരക്കണക്കിന് കുടുംബങ്ങളുടെ ദുരിത ജീവിതവും ആരംഭിച്ചു. കിഴക്കൻ മേഖലയിൽ മഴ ശക്തിപ്രാപിച്ചാൽ ദിവസത്തിനുള്ളിൽ കുട്ടനാട് മുങ്ങാൻ സാധ്യതയുണ്ട്. പമ്പ, അച്ചൻകോവിൽ, മണിമല ആറുകളുടെ തീരങ്ങളിൽ താമസിക്കുന്നവർക്ക് രൂക്ഷമായ പ്രതിസന്ധിയും നേരിടേണ്ടി വരും. തീരത്തെ വീടുകളിലേക്കും വെള്ളപ്പൊക്ക ഭീഷണിയാണ്. തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകൾ വഴി വെള്ളം കടലിലേക്ക് ഒഴുക്കി വിടുകയും കുട്ടനാട് അപ്പർ കുട്ടനാടൻ മേഖലകളിലെ തടസപ്പെട്ടു കിടക്കുന്ന നീരൊഴുക്ക് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്താൽ മാത്രമേ കുട്ടനാട്ടുകാർക്ക് അല്പമെങ്കിലും ആശ്വസിക്കാൻ വകയുള്ളൂ. ഇതിനായി സർക്കാരും തദ്ദേശ സ്വയംഭരണ വകുപ്പും മുൻകൈ എടുക്കണമെന്നാണ് കുട്ടനാട്ടുകാരുടെ ആവശ്യം.

# ടൂറിസം മേഖല കടുത്ത പ്രതിസന്ധിയിൽ; വ്യാപാരമേഖലയും കടുത്ത മാന്ദ്യത്തിൽ

**സുൽത്താൻ ബത്തേരി:** ജില്ലയിലെ ടൂറിസം മേഖല കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ. വന്യമൃഗ ശല്യവും തുടർന്ന് ഇക്കോ ടൂറിസം കേന്ദ്രങ്ങളടച്ചതും ജില്ലയിലേക്കുള്ള വിനോദ സഞ്ചാരികളുടെ വരവിനെ കാര്യമായി ബാധിച്ചു.



മിക്ക റിസോർട്ടുകളും ഹോംസ്റ്റേകളും ആഴ്ചകളായി താമസക്കാരില്ലാതെ കടുത്ത ദുരിതത്തിലാണ്. ഹോട്ടലുകളുടെയും റസ്റ്റോറൻറുകളുടെയും സ്ഥിതി ഭിന്നമല്ല. പുതുതായി തുറന്നവ അടക്കം ജില്ലയിലെ ഹോട്ടലുകൾ പലതും അടച്ചിട്ട അവസ്ഥയിലാണ്. വാരാന്ത്യങ്ങളിലും ഇതു തന്നെയാണ് അവസ്ഥ. ജില്ലയിൽ എവിടെയും തിരക്കനുഭവപ്പെട്ടില്ല. ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സന്ദർശകരും കുറവാണ്. ഊട്ടിയിലേക്കുള്ള യാത്ര ഇപാസ് മൂലം നിയന്ത്രിച്ചതും താമരശേരി ചുരത്തിലെ നിത്യ ഗതാഗതക്കുരുക്കും വിനോദസഞ്ചാരികൾ വയനാട്ടിലേക്ക് വരുവാൻ മടിക്കുകയാണ്.

വ്യാപാരമേഖലയും കടുത്ത മാന്ദ്യത്തിലാണ്. ഊട്ടിയിൽ ഫ്ലവർ ഷോ കാണാനും വേനൽ അവധിക്കും കഴിഞ്ഞവർഷം എത്തിയ സഞ്ചാരികളുടെ പകുതി പോലും ഈ വർഷം എത്തിയിട്ടില്ല. സന്ധ്യയാവുന്നതോടെ അങ്ങാടികൾ കാലിയാവുന്നു. വന്യമൃഗആക്രമണംമൂലം ജില്ലയുടെ വിവിധ ഭാഗങ്ങളിലുണ്ടായ മരണങ്ങൾ ജില്ലയിലേക്കുള്ള സഞ്ചാരികളുടെ ഒഴുക്ക് പെട്ടെന്ന് കുറച്ചു. ജില്ലയിലെങ്ങും വന്യമൃഗ ശല്യമാണെന്ന പ്രചാരണം വ്യാപിച്ചതോടെയാണ് ടൂറിസം മേഖലയിൽ തിരക്കില്ലതായത്. ഇതോടൊപ്പം ജില്ലയിലെ പ്രധാന ഇക്കോ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഓരോന്നായി അധികൃതർ അടക്കുകയും ചെയ്തു. വനം വകുപ്പിന് കീഴിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് അടച്ചതിലധികവും.

ബാണാസുര ഡാമിലെ തൊഴിലാളി സമരവും സൂചിപ്പാറ വെള്ളച്ചാട്ടം, കുറുവ ദ്വീപ്, ചെമ്പ്ര പീക് മുത്തങ്ങ തുടങ്ങിയവ അടച്ചതും സഞ്ചാരികളുടെ വരവിനെ കാര്യമായി ബാധിച്ചു. റോഡിൻറെ അറ്റകുറ്റപ്പണികൾക്കായി എൻ ഊര് ഗോത്ര പൈതൃക ഗ്രാമം കൂടി അടച്ചതോടെ വയനാട്ടിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെല്ലാം അടച്ചതായുള്ള പ്രചാരണം കർണാടകയിലും തെക്കൻ കേരളത്തിലും വ്യാപകമായി. ഇതിനിടെ ഹൈക്കോടതിയിൽ ഒരു സംഘടന നൽകിയ ഹരജി പരിഗണിച്ച് വയനാട് ജില്ലയിലെ ഇക്കോ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഇനിയൊരുത്തരവുണ്ടാകുന്നതുവരെ അടച്ചിടാൻ വിധി വന്നതും ടൂറിസം മേഖലക്ക് ഇരുട്ടടിയായി.

# അതിശക്തമായ മഴ : 5 ജില്ലകളിൽ റെഡ് അലർട്ട്

**പത്തനംതിട്ട:** അതിതീവ്ര മഴയ്ക്കുള്ള സാധ്യത മുൻനിർത്തി കേന്ദ്ര കാലാവസ്ഥാ വകുപ്പ് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് (മേയ് 22) റെഡ് അലർട്ട് പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചു.

എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ നാളെ (മേയ് 23) ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. അതിശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു.

# അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം: ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു

**തിരുവനന്തപുരം:** സംസ്ഥാന ജൈവവൈവിധ്യ ബോർഡും ദേശീയ ജൈവവൈവിധ്യ അതോറിറ്റിയും സംയുക്തമായി 'കേരളത്തിന്റെ ജൈവാധിനിവേശ നിയന്ത്രണ മാർഗ്ഗ നിർദ്ദേശങ്ങൾ' എന്ന വിഷയത്തിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനാചരണത്തിന്റെ ഭാഗമായിട്ടായിരുന്നു ശിൽപ്പശാല.

കെ.ടി.ഡി.സി ഗ്രാന്റ് ചൈത്രം ഹോട്ടലിൽ സംഘടിപ്പിച്ച ശിൽപ്പശാല സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. രത്തൻ കേൽക്കർ ഉദ്ഘാടനം ചെയ്തു. ബോർഡ് അംഗം ഡോ. കെ. സതീഷ്കുമാർ, ഡോ.എസ്. രാജശേഖരൻ, ഡോ. ടി സാബു, ഡോ. ഹൃദീക്, ഡോ.സി.കെ. പീതാംബരൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അംഗങ്ങൾ, ജൈവവൈവിധ്യ മേഖലയുമായി ബന്ധപ്പെട്ട് വരുന്ന വകുപ്പ് പ്രതിനിധികൾ, ജൈവവൈവിധ്യ പരിപാലന സമിതി പ്രതിനിധികൾ, വിഷയ വിദഗ്ദ്ധർ, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വിർചൽ കേഡർ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# കോളേജ് തല സ്പോർട്സ് ലീഗുകൾ ആലോചനയിൽ

**തിരുവനന്തപുരം:** കോളേജ് തലങ്ങളിൽ പ്രൊഫഷണൽ സ്പോർട്സ് ലീഗുകൾ സംഘടിപ്പിക്കുന്നതിനെപ്പറ്റി പ്രാഥമിക രൂപരേഖ തയ്യാറാക്കാൻ സമിതി രൂപീകരിക്കുമെന്ന് മന്ത്രി ബിന്ദു പറഞ്ഞു. രൂപരേഖ ലഭിച്ച ശേഷം വേണ്ട നടപടിക്രമങ്ങൾ ആലോചിക്കും. കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാനുമായി നടന്ന കൂടിക്കാഴ്ചയിലാണ് ഇതിന് ധാരണയായത്.

അന്താരാഷ്ട്ര സ്പോർട്സ് ഉച്ചകോടിയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ സംബന്ധിച്ചായിരുന്നു കായിക വകുപ്പ് മന്ത്രിയുമായി ചേംബറിൽ കൂടിക്കാഴ്ച നടത്തിയത്. കോളേജ് തലത്തിൽ സ്പോർട്സിന് കൂടുതൽ പ്രോത്സാഹനം നൽകുന്നതും അതുവഴിയുള്ള വരുമാനസാധ്യത കണ്ടെത്തലും യോഗത്തിൽ ചർച്ചചെയ്തു.

കോളേജ് തലങ്ങളിൽ സ്പോർട്സ് ലീഗ് എങ്ങനെ പ്രാവർത്തികമാക്കാമെന്ന കാര്യത്തിൽ ഒരു രൂപരേഖ തയ്യാറാക്കാനാണ് സമിതിയെ ചുമതലപ്പെടുത്തുക. സ്പോർട്സ് ലീഗ് പ്രാരംഭ പ്രവർത്തനങ്ങൾക്കായി 60 ലക്ഷം രൂപ നൽകാമെന്ന് കായികവകുപ്പ് അറിയിച്ചിട്ടുണ്ട് ബിന്ദു പറഞ്ഞു.

# സമ്മർ ക്യാമ്പ് മേയ് 27 മുതൽ

**തിരുവനന്തപുരം:** സ്കൂൾ വിദ്യാർഥികൾക്കിടയിൽ സ്വതന്ത്ര സോഫ്റ്റ്വെയറിൽ താത്പര്യം വളർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്വതന്ത്ര വിജ്ഞാന ഗവേഷണ വികസന കേന്ദ്രം (ഐസിഫോസ്) അഞ്ചു ദിവസം നീണ്ടുനില്ക്കുന്ന സമ്മർ ക്യാമ്പ് സംഘടിപ്പിക്കുന്നു. പത്താം ക്ലാസ് പൂർത്തിയാക്കിയ വിദ്യാർഥികൾക്കായി ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയറിൽ (എഫോസ്) നടത്തുന്ന ക്യാമ്പ് മേയ് 27 മുതൽ 31 വരെ കാര്യവട്ടം സ്പോർട്സ് ഹബ്ബിലെ ഐസിഫോസിൽ നടക്കും.

രാവിലെ 10 മുതൽ വൈകിട്ട് അഞ്ചു വരെ നടത്തുന്ന ക്യാമ്പിലൂടെ സ്വതന്ത്ര സോഫ്റ്റ്വെയർ, ഉബുണ്ടു ബേസിക്സ്, പ്രോഗ്രാമിംഗ് പൈത്തൺ (ജ്യവേീ), എഐ (അക) എന്നീ വിഷയങ്ങളെ പറ്റിയുള്ള പരിശീലനം നല്കും.

വിവിധ സ്വതന്ത്ര സോഫ്റ്റ്വെയർ ഉപകരണങ്ങൾ പരിചയപ്പെടുന്നതിലൂടെ വിദ്യാർഥികൾക്ക് അവരുടെ സാങ്കേതിക മികവ് വളർത്തിയെടുക്കാനും പ്രശ്നപരിഹാര കഴിവുകൾ വർദ്ധിപ്പിക്കാനുമുള്ള അവസരം ലഭിക്കും. ഈ പ്രോഗ്രാമിൽ സൈദ്ധാന്തിക അറിവിന് പുറമേ പ്രായോഗികപരിശീലനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മികച്ച രീതിയിൽ ക്യാമ്പ് പരിശീലനം പൂർത്തിയാക്കുന്നതിന് ഓരോ വിദ്യാർത്ഥിക്കും ഐസിഫോസിലെ വിദഗ്ദരിൽ നിന്നു വ്യക്തിഗത മാർഗ്ഗനിർദ്ദേശം ലഭിക്കും.30 പേർക്കു പങ്കെടുക്കാം. ആദ്യം രജിസ്റ്റർ ചെയ്യുന്നവരെയാണ് ആദ്യം പരിഗണിക്കുന്നത്. 2024 മേയ് 23 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും https://icfoss.in/event-details/187, 7356610110, 0471 2413012 / 13 / 14, 9400225962.



# വിദ്യാഭാരതി സിൽവർ ജൂബിലി നിറവിൽ : വാർഷികാഘോഷം നാളെ കലൂരിൽ

**കൊച്ചി:** വിദ്യാഭാരതി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷന്റെ സിൽവർ ജൂബിലി വാർഷികാഘോഷം നാളെ കലൂർ ഗോകുലം പാർക്ക് കൺവെൻഷൻ സെന്ററിൽ വെച്ച് നടക്കുമെന്ന് വിദ്യാഭാരതി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

മുൻ ചീഫ് സെക്രട്ടറി ജിജി തോമസ് ആഘോഷം ഉദ്ഘാടനം ചെയ്യും.2001 ൽ കേരളത്തിൽ ഓൺലൈൻ ക്ലാസ് നടപ്പിലാക്കിയ വിദ്യാഭ്യാസസ്ഥാപനമാണ് വിദ്യാഭാരതി.

അമേരിക്കയിലെ ഇമൃലഴശല ങലഹഹീ സർവ്വകലാശാലയുടെ ക്ലാസുകളാണ് ഓൺലൈനായി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയത്.കേരളത്തിൽ ആദ്യമായി എസിസിഎ കോഴ്സ് ആരംഭിക്കുന്നതും വിദ്യാഭാരതിയിലാണ്. 2002 ലാണ് എസിസിഎ കോഴ്സ് ആരംഭിക്കുന്നത്. ഇന്ത്യയിൽ ആദ്യമായി ഇന്റഗ്രേറ്റഡ് ലോജിസ്റ്റിക്സ് എന്ന ആശയം കൊണ്ടുവരുന്നത് വിദ്യാഭാരതിയുടെ ചീഫ് പാട്രണായ എൻ എ മുഹമ്മദ് കുട്ടിയാണ്. ഈ മേഖലയിൽ കഴിവുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം കുറവാണെന്ന് മനസിലാക്കിയാണ് വിദ്യാഭാരതിയിൽ ലോജിസ്റ്റിക്സ് കോഴ്സുകൾ ആരംഭിക്കുന്നത്.

തൊഴിലധിഷ്ഠിതമായ കോഴ്സുകളാണ് വിദ്യാഭാരതിയിൽ ഉള്ളത്. ഉയർന്ന മാർക്ക് നേടിയവരും സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നവരുമായ നിരവധി വിദ്യാർത്ഥികളാണ് വിദ്യാഭാരതിയിലൂടെ ജീവിത വിജയം നേടിയെടുത്തത്.ഇവിടെ നിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റും ഇന്റേൺഷിപ്പും വിദ്യാഭാരതി ഉറപ്പുവരുത്തുന്നു. അത്യാധുനിക സംവിധാനങ്ങളോടെയുള്ള ക്ലാസ്മുറികൾ, റഫറൻസ് സൗകര്യം, ലാബ്, ലൈബ്രറി തുടങ്ങിയ സൗകര്യങ്ങളാണ് വിദ്യാഭാരതി ഒരുക്കിയിട്ടുള്ളത്. പാഠ്യവിഷയങ്ങളിൽ ഏറ്റവും മികച്ച അദ്ധ്യാപകരെയാണ് വിദ്യാഭാരതി നിയമിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് ഉചിതമായ വ്യത്യസ്തമായ കോഴ്സുകൾ ഒരുക്കുന്നതിലും മികച്ച പഠനാനുഭവവും തൊഴിലും നൂറ് ശതമാനം ഉറപ്പുവരുത്തുന്നതിലും വിദ്യാഭാരതി വിജയം കൈവരിച്ചതായി ചീഫ് പാട്രൺ എൻ എ മുഹമ്മദ് കുട്ടി പറഞ്ഞു.വിബി ഗ്രൂപ്പ് ഡയറക്ടർ പ്രൊഫ: ഡോ.കെ സി ശങ്കരനാരായണൻ, അസോസിയേറ്റ് ഡയറക്ടർമാരായ എസ് സുരേഷ്, ടിജെ പോൾ, പി ആർ ഒ നൂറുദ്ധീൻ തുടങ്ങിയവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# പ്രൊപ്പൽ നാലാം സീസണിന് തുടക്കം കുറിച്ച് ആമസോൺ

**കൊച്ചി:** ഉപഭോക്തൃ ഉൽപന്ന മേഖലയിലെ സ്റ്റാർട്ടപ്പുകളെ ആഗോള ബിസിനസ് മേഖലയിൽ വളർത്താനുള്ള നീക്കമായ പ്രൊപ്പലിന്റെ നാലാം സീസണിന് ആമസോൺ തുടക്കം കുറിച്ചു. വളർന്നു വരുന്ന ഇന്ത്യൻ ബ്രാൻഡുകൾക്കും സ്റ്റാർട്ടപ്പുകൾക്കും ഇകോമേഴ്സ് വിദഗ്ദ്ധരുടെ സഹായത്തോടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഉപഭോക്താക്കളിലേക്ക് എത്തിച്ചേരാൻ വഴിയൊരുക്കുന്ന പദ്ധതിയാണിതെന്ന് കമ്പനി അധികൃതർ അറിയിച്ചു.

50 സ്റ്റാർട്ടപ്പുകൾക്ക് വരെ ആഗോള വിപണിയിലെത്താനും ഇന്ത്യയിൽ നിന്ന് ആഗോള ബ്രാൻഡുകൾ സൃഷ്ടിക്കാനും പ്രൊപ്പൽ എസ്4 പിന്തുണ നൽകും. എഡബ്ലിയുഎസ് ആക്ടിവേറ്റ് വായ്പകൾ, ആറു മാസത്തെ സൗജന്യ ലോജിസ്റ്റിക്, അക്കൗണ്ട് മാനേജുമെൻറ് പിന്തുണ, ആദ്യ മൂന്നു വിജയികൾക്കായുള്ള ആമസോണിൻറെ 100,000 ഡോളർ സംയുക്ത ഗ്രാൻറ് തുടങ്ങിയവ അടക്കം 1.5 ദശലക്ഷം ഡോളറിൻറെ സമ്മാനങ്ങളാണ് വിജയികളെ കാത്തിരിക്കുന്നത്.

ക്ലബ്ബ്, വെലോസിറ്റി, ഗെറ്റ്വാൻറേജ് തുടങ്ങിയ വരുമാന അധിഷ്ഠിത ധനകാര്യ പങ്കാളികളുമായി ബന്ധപ്പെടാനും ആമസോൺ ഇതിൽ പങ്കെടുക്കുന്ന സ്റ്റാർട്ടപ്പുകളെ സഹായിക്കും. സ്റ്റാർട്ടപ്പുകളെ ബിസിനസ് ഗണ്യമായ തലത്തിൽ വർധിപ്പിക്കാനുള്ള പിന്തുണ ഇവർ നൽകും. ഈ പരിപാടിയിലേക്കുള്ള അപേക്ഷകൾ 2024 ജൂൺ 14വരെ സമർപ്പിക്കാം

## സോൾവ് ഫോർ ടുമാറോ

# സ്കൂൾ വിദ്യാർത്ഥികൾക്ക് ശിൽപശാലയുമായി സാംസങ്ങ്

**കൊച്ചി:** രാജ്യത്തുടനീളമുള്ള തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ സാംസങ്ങ് ഡിസൈൻ തിങ്കിങ്ങ് ആന്റ് ട്രെയിനിങ്ങ് വർക്ക്ഷോപ്പ് (രൂപകൽപ്പനാ ചിന്തയും പരിശീലന ശിൽപ്പശാലയും) അവതരിപ്പിക്കുന്നു. സാംസങ്ങിന്റെ "സോൾവ് ഫോർ ടുമാറോ"യുടെ ഭാഗമാണ് പരിപാടി.




പ്രശ്ന പരിഹാരം, വിമർശനാത്മകമായ ചിന്ത, അന്വേഷണം, ക്രിയാത്മകത എന്നിങ്ങനെയുള്ള കഴിവുകൾ മനുഷ്യകേന്ദ്രീകൃതമായ രൂപകൽപ്പനാ ചിന്തകളുടെ ഘടനയിലൂടെ വിദ്യാർത്ഥികളിലേക്ക് സന്നിവേശിപ്പിക്കുക എന്ന ലക്ഷ്യത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.ഇന്ത്യക്ക് വേണ്ടി പ്രത്യേകം രൂപം നൽകിയിരിക്കുന്ന ഈ ഏകദിന ശിൽപ്പശാല രൂപകൽപ്പനാ ചിന്ത എന്ന ആശയം വിദ്യാർത്ഥികൾക്കിടയിൽ പ്രോത്സാഹിപ്പിക്കാനും യഥാർത്ഥ ലോകത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുവാനും പ്രാപ്തരാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് സാംസങ്ങ് സൗത്ത് വെസ്റ്റ് ഏഷ്യ കോർപ്പറേറ്റ് വൈസ് പ്രസിഡന്റ് എസ് പി ചുൻ പറഞ്ഞു. തെരഞ്ഞെടുത്ത 10 സ്കൂളുകളിലാണ് രൂപകൽപ്പനാ ചിന്താ ശിൽപ്പശാലകൾ അവതരിപ്പിക്കുന്നത്. 14 മുതൽ 17 വയസ്സ് പ്രായമുള്ള വിദ്യാർത്ഥികൾക്ക് അല്ലെങ്കിൽ 5 പേർ വരെ അടങ്ങുന്ന ടീമുകൾക്ക് 'കമ്മ്യൂണിറ്റി ആന്റ് ഇൻക്ലൂഷൻ" എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള തങ്ങളുടെ ആശയങ്ങൾ സമർപ്പിക്കാം.സെമിഫൈനലിസ്റ്റുകളായ 10 ടീമുകൾക്ക് പ്രോട്ടോടൈപ്പ് വികസനത്തിനായി 20,000 രൂപയും സാംസങ്ങ് ഗ്യാലക്സി ടാബുകളും ലഭിക്കും. ഫൈനലിൽ എത്തുന്ന 5 ടീമുകൾക്ക് പ്രോട്ടോടൈപ്പ് മെച്ചപ്പെടുത്തുന്നതിന് ഒരു ലക്ഷം രൂപ ഗ്രാന്റും സാംസങ്ങ് ഗ്യാലക്സി വാച്ചുകളും ലഭിക്കും. വിജയിക്കുന്ന ടീമിനെ സോൾവ് ഫോർ ടുമാറോ 2024ലെ 'കമ്മ്യൂണിറ്റി ചാമ്പ്യൻ' ആയി പ്രഖ്യാപിക്കും. ഇവർക്ക് പ്രോട്ടോടൈപ്പ് മെച്ചപ്പെടുത്തുന്നതിനായി 25 ലക്ഷം രൂപയുടെ സീഡ് ഗ്രാന്റ് ലഭിക്കും. വിജയിക്കുന്ന ടീമുകളുടെ സ്കൂളുകൾക്കും വിദ്യാഭ്യാസ വാഗ്ദാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രശ്ന പരിഹാര മനസ്ഥിതി പ്രോത്സാഹിപ്പിക്കുന്നതിനുമായി സാംസങ്ങ് ഉൽപ്പന്നങ്ങൾ ലഭിക്കും.www.samsung.com/in/oslvefortomorrow എന്ന ലിങ്കിലൂടെ 2024 മെയ് 31 വൈകിട്ട് 5 വരെ അപേക്ഷിക്കാം.

